# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2632** **02.04.2013 ൽ മറുപടിക്ക്**

**സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എം.എ.ബേബി**<br>**ശ്രീ.കെ.കുഞ്ഞമ്മത് മാസ്ററർ**<br>**ശ്രീ.എം. ഹംസ**<br>**ശ്രീ.എ.എം. ആരിഫ്** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പുതിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 07.10.2011 ലെ സ.ഉ.(എം.എസ്) 202/2011/പൊ.വി, 07.12.2012 ലെ സ.ഉ.(എം.എസ്) 384/2012/പൊ.വി എന്നിവ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതും 31.07.2012 ന് മുമ്പായി അപേക്ഷ സമർപ്പിച്ചതുമായ സ്കൂളുകൾക്കാണ് സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അഫിലിയേഷനു വേണ്ടി എൻ.ഒ.സി നൽകാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പുതിയ സ്കൂൾ ആരംഭിക്കുന്നതിന് എൻ.ഒ.സി ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; | (സി) | 396 സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യാപകമായ തോതിൽ സി.ബി.എസ്.ഇ സ്കൂളുകൾ അനുവദിച്ചത് പൊതു വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എണ്ണം വർഷംതോറും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | | |
| (എഫ്) | 2011-12 ലും 2012-13 ലും മുൻ വർഷങ്ങളെ അപേക്ഷിച്ച് അവ എത്രത്തോളമെന്ന് വിലയിരുത്തിയി ട്ടുണ്ടോ; | (എഫ്) | ഉണ്ട്. 2010-11 അദ്ധ്യയന വർഷത്തിൽ 1,98,514 കുട്ടികളും, 2011-12 ൽ 1,88,046 കുട്ടികളും 2012-2013 ൽ 1,69,548 കുട്ടികളും ഒന്നാം ക്ലാസിൽ പ്രവേശംനേടി. 2011-12 ൽ മുൻ വർഷത്തേക്കൾ 10468 കുട്ടികളുടെയും 2012-13 ൽ 18496 കുട്ടികളുടെയും എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ജി) | അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതു വിദ്യാലയങ്ങളുടെ എണ്ണം പെരുകി വരുന്ന സാഹചര്യത്തിൽ പുതിയ സി.ബി.എസ്.ഇ സ്കൂളു കൾക്ക് എൻ.ഒ.സി നൽകാനുള്ള നീക്കത്തിൽ നിന്നും പിന്തിരി യുമോ? | (ജി) | പൊതു വിദ്യാലയങ്ങൾക്ക് ഭീഷണിയാകുന്ന തരത്തിൽ പുതിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ